LIBRARY ARCHIVES Kerala Legislative Assembly

കെ. സഹദേവന്റെ ആശ്രിതന് ആശ്രിത നിയമനം

197(1955) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ പ്യൂൺ ആയി ജോലി ചെയ്തുകൊണ്ടിരിക്കെ മരണമടഞ്ഞ കെ. സഹദേവന്റെ ആശ്രിതർക്ക് നിയമനം നൽകിയിരുന്നോ ; എങ്കിൽ ആർക്കാണ് നൽകിയത് ;

(ബി) പ്രസ്തുത വ്യക്തി ജോലിയിൽ പ്രവേശിച്ചിരുന്നോ : പ്രവേശിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കുകയോ മറ്റാർക്കെങ്കിലും ജോലി നൽകണമെന്നാവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ :

(സി) പ്രസ്തുത വിഷയത്തിൽ നടപടി ഏതുവരെയായി എന്നും നടപടി പൂർത്തീകരിച്ച് എപ്പോൾ ആശ്രിതനിയമനം നൽകാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) നിയമനം നൽകിയിരുന്നു. സഹദേവന്റെ ഭാര്യ ശ്രീമതി പി. ശോഭനയ്ക്കാണ് നിയമനം നൽകിയത്

(ബി) പ്രവേശിച്ചിട്ടില്ല. ശ്രീമതി പി. ശോഭനയുടെ മകൻ കുമാരി പി. എസ്. സബീനയ്ക്ക് ജോലി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 24-5-1999-ലെ ജി.ഒ. (പി) നമ്പർ 12/99/ഉഭപവ നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കുമാരി സബീന ആശ്രിത നിയമനത്തിന് അർഹയാണോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പഞ്ചായത്തുകളിലെ യു.ഡി. ക്ലാർക്ക് തസ്തിക

198(1956) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ പഞ്ചായത്തുകളിൽ യു.ഡി. ക്ലാർക്ക് തസ്തികയിൽ 2011 മാർച്ച് 31-ന് എത്ര വിരമിക്കൽ തസ്തിക ഉണ്ടാകും ;

(ബി) പഞ്ചായത്ത് തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ :

(സി) ജില്ലയിൽ 2011 മാർച്ച് 31-ന് പ്രതീക്ഷിക്കുന്ന എൽ.ഡി. ക്ലാർക്ക് തസ്തികകളുടെ ഒഴിവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ യു.ഡി. ക്ലാർക്ക് തസ്തികയിൽ 2011 മാർച്ച് 31-ന് 9 വിരമിക്കൽ തസ്തികകൾ ഉണ്ടാകും.